**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.460. 07.01.2014 ൽ മറുപടിയ്ക്ക്.

ഹെൽമെറ്റ് ഉപയോഗം

| ചോദ്യം<br>ശ്രീ. അബ്ദു റഹിമാൻ രണ്ടത്താണി | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും സ്പോർട്സും സിനിമയും ഗതാഗതവും വകുപ്പുമന്ത്രി) |
|---|---|---|
| (എ) ഇരുചക്രവാഹനങ്ങളിൽ യാത്ര ചെയ്യുന്നവർക്ക് ഹെൽമെറ്റ് നിർബന്ധമാക്കിയ ശേഷം ഇത്തരം വാഹനയാത്രക്കാർക്ക് വാഹനാപകടങ്ങളിൽ സാരമായി പരിക്ക പറ്റുന്നതും ജീവഹാനി സംഭവിക്കുന്നതും കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) എങ്കിൽ ഹെൽമെറ്റ് നിർബന്ധ-മാക്കിയ ശേഷവും മുമ്പും നടന്ന അപകടങ്ങൾ സംബന്ധിച്ച് താരതമ്യ പഠനം നടത്തിയതിന്റെ വിശദാംശങ്ങൾ നൽകുമോ ; | (എ) യും (ബി) | 19/09/2013 ന് ഇത് നടപ്പാക്കാൻ ഗതാഗത കമ്മീഷണർ കർശന നിർദ്ദേശം നൽകിയതിനു ശേഷം അപകടങ്ങൾ കുറഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാന ക്രൈം റെക്കോർഡ്സ് ബ്യൂറോയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2013 ഒക്ടോബർ, നവംബർ, ഡിസംബർ എന്നീ മൂന്ന് മാസക്കാലയളവിലെ അപകടങ്ങളുടെയും, അപകടമരണങ്ങളുടെയും, സാരമായി പരിക്കുപറ്റുന്നതിന്റെയും, എണ്ണം 2012 ലെ ഇതേകാലയളവുമായി താരതമ്യം ചെയ്യുമ്പോൾ അപകടങ്ങൾ ഏകദേശം 7 ശതമാനവും, അപകടമരണങ്ങൾ ഏകദേശം 11 ശതമാനവും, സാരമായി പരിക്ക പറ്റുന്നത് ഏകദേശം 9 ശതമാനവും കുറഞ്ഞിട്ടുണ്ട്. |
| (സി) ഹെൽമെറ്റ് നിർബന്ധമാക്കി മാർഗ്ഗ നിർദ്ദേശം വന്നതിനുശേഷം ഹെൽമെറ്റ് ധരിക്കാത്തതിന് എത്ര പേർക്കെതിരെ നടപടി സ്വീകരിച്ചി-ട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;<br>(ഡി) ഇത്തരത്തിൽ എത്രപേർക്കെതിരെ കേസെടുത്തിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) യും (ഡി) യും | 39182 |

സെക്ഷൻ ഓഫീസർ.